# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7177 — 16.07.2012ൽ മറുപടിയ്ക്ക്

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ച

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ച പരിശോധിക്കാൻ ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (ബി) ബഹു. ഹൈക്കോടതി, നിലവാര തകർച്ചയുള്ളതായി പരാമർശിച്ചിട്ടുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത കോളേജുകളെ സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം വിശദമാക്കാമോ; | (സി) ഗുണനിലവാരം കുറഞ്ഞ ചില കോളേജുകളെ വാച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശമുണ്ട്. നിലവാര തകർച്ചയുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുള്ള കോളേജുകൾ അവരുടെ നിലവാരവും സൌകര്യങ്ങളും മെച്ചപ്പെടുത്താത്ത പക്ഷം സർക്കാർ പ്രസ്തുത കോളേജുകളെ അടച്ചുപൂട്ടുവാൻ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. നിലവാര തകർച്ച ഒരു പ്രത്യേക വിഷയത്തിനാണെങ്കിൽ അവ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്താത്ത പക്ഷം പ്രസ്തുത കോഴ്സിനുള്ള അഫിലിയേഷൻ റദ്ദാക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ യൂണിവേഴ്സിറ്റി റിസൾട്ട് സർക്കാർ നിയമിച്ച വിദഗ്ധ സമിതി പരിശോധിക്കണമെന്നും നിലവാര തകർച്ചയുള്ള കോളേജുകളെ സംബന്ധിച്ച വിവരം സർക്കാരിനെയും, എ.ഐ.സി.റ്റി - യെയും യൂണിവേഴ്സിറ്റിയെയും അറിയിക്കണമെന്നും പ്രസ്തുത കോളേജുകളുടെ അനുമതി/ അഫിലിയഷൻ പിൻവലിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണ മെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.കഴിഞ്ഞ മൂന്നു വർഷക്കാലം വിജയശതമാനം 40% താഴെയാണെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ അടച്ച് പൂട്ടുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിക്കണമെന്നും കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കോളേജുകളെ സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ? | (ഡി) | കോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത കോളേജുകൾക്ക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി നിശ്ചിത സമയം അനുവദിക്കാനും അതിനുള്ളിൽ നിലവാരം വീണ്ടെടുക്കാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl.No. | Name of the Colleges | University |
|---|---|---|
| 1. | Malabar Institute of Technology, Anjarakandy | Kannur University |
| 2. | Sadguru Swamy Nithyananda Institute of Technology, Kanhangad | Kannur University |
| 3. | Sarabhai Institue of Science and Technology, Vellanad, Thiruvananthapuram | CUSAT |
| 4. | M.G. College of Engineering | CUSAT |
| 5. | Co-operative Institute of Technology, Vadakara | CUSAT |
| 6. | TKM Institute of Technology | CUSAT |
| 7. | College of Engineering, Munnar (Under IHRD) | CUSAT |
| 8. | College of Engineering, Thrikarippur(Under IHRD) | CUSAT |
| 9. | College of Engineering, Karunagappally (Under IHRD) | CUSAT |
| 10. | College of Engineering, Attingal (Under IHRD) | CUSAT |
| 11. | College of Engineering, Cherthala (Under IHRD) | CUSAT |
| 12. | College of Engineering, Kottarakkara (Under IHRD) | CUSAT |
| 13. | Mount Zion College of Engineering | M.G. University |
| 14. | Caarmal College of Engineering, Ranni | M.G. University |
| 15. | Musaliar College of Engineering, Pathanamthitta | M.G. University |
| 16. | Matha College of Engineering, North Paravur | M.G. University |
| 17. | Baselious Mathews II College of Engineering, Sasthamcotta | Kerala University |
| 18. | Shahul Hameed Memorial College of Engineering, Kadakkal, Kollam | Kerala University |
| 19. | Muslim Association College of Engineering, Venjarammood, Thiruvananthapuram | Kerala University |
| 20. | Younus College of Engineering & Technology, Vadakkevila, Kollam | Kerala University |
| 21. | Mary Matha College of Engineering & Technology, Paliyode, Thiruvananthapuram | Kerala University |
| 22. | P.A. Aziz College of Engineering, Thiruvananthapuram | Kerala University |
| 23. | College of Engineering & Management, Punnapra, Alappuzha | Kerala University |